കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചെറുകോൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/PTA/P8/953/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/09/2023
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുകോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/P8/953/2023

തീയ്യതി: 19/09/2023

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി സ്നിഗ്ദ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	07-08-2023	11-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	**തീയതി (വരെ)**
07-08-2023	11-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അനിൽ കുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. കെ. ആർ. സന്തോഷ്	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീമതി ആർ. ശ്രീലേഖ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.റ്റി.എൻ. പുഷ്പകുമാരി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	21-10-2022
ശ്രീ രമേഷ് കുമാർ എ.പി.	അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്	22-10-2022	01-11-2022
ശ്രീമതി രേണു പി.	അസിസ്റ്റന്റ് സെക്രട്ടറി	02-11-2022	31-03-2023
ശ്രീ ജസീം ഷാ	കൃഷി ഓഫീസർ (താൽക്കാലിക നിയമനം)	01-04-2022	22-04-2022
ശ്രീമതി നിമിഷ സാറാ ജയിംസ്	കൃഷി ഓഫീസർ	23-04-2022	09-08-2022
ശ്രീ പുഷ്യരാജൻ	കൃഷി ഓഫീസർ	10-08-2022	27-09-2022
ശ്രീ രമേഷ് കുമാർ പി.	കൃഷി ഓഫീസർ	28-09-2022	31-03-2023
ഡോ. രാജേഷ് കോശി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2022	06-05-2022
ഡോ. ജസ്സൺ ആന്റണി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	07-05-2022	16-06-2022
ഡോ. റോഷ്നി യു.ആർ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	17-06-2022	16-09-2022
ഡോ. ബോണി ജെ.എസ്.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	17-09-2022	20-12-2022
ഡോ. ജിഷ്ണു	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	21-12-2022	03-02-2023

ഡോ. സിബിൻ മാത്യു	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	04-02-2023	31-03-2023
ഡോ. സതീഷ് കുമാർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ഡോ. ബിജു മാത്യു	വെറ്ററിനറി സർജ്ജൻ	01-04-2022	31-03-2023
ശ്രീമതി ഷൈനി	ഹെഡ് മിസ്ട്രസ്സ്	01-04-2022	29-06-2022
ശ്രീ അനിൽകുമാർ	ഹെഡ് മാസ്റ്റർ	30-06-2022	31-03-2023
ശ്രീമതി രാഖി എൽ.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ (താൽക്കാലിക നിയമനം)	01-04-2022	28-07-2022
ശ്രീ അനന്തകൃഷ്ണൻ കെ.പി.	അസിസ്റ്റന്റ് എഞ്ചിനീയർ	29-07-2022	31-03-2023
ശ്രീമതി അനുമോൾ ആർ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	10-10-2022
ശ്രീ അപ്പൂസ് എസ്.ബി.	ഡയറി ഫാം ഇൻസ്ട്രക്ടർ	11-10-2022	31-03-2023
ശ്രീമതി പ്രസന്നകുമാരി സി.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	20-01-2023
ശ്രീമതി കവിതാ കൃഷ്ണൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	21-01-2023	31-03-2023
ശ്രീ ജോൺസൺ ഫിലിപ്പ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	26-07-2022

ശ്രീമതി അൽ സുമയ്യ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	27-07-2022	15-12-2022
ശ്രീ അനിൽകുമാർ എം.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചാർജ്ജ്)	16-12-2022	31-03-2023
ശ്രീമതി പ്രമീള എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	05-10-2022
ശ്രീ അനിൽകുമാർ എം.ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	06-10-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല	1-1-4
6	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-5
7	ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല	1-1-6
8	സ്ഥിര നിക്ഷേപം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു	1-1-7
9	ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ക്ഷേമ പദ്ധതികൾ	1-6
15	തൊഴിലുറപ്പ് പദ്ധതി	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകളുടെ വിവരം	1-10
19	റവന്യൂ വിഭവ സമാഹരണം : അവലോകനം	1-11
20	ലൈസൻസ് - അപാകങ്ങൾ	1-12

21	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-13
22	ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല	1-14
23	ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-15
24	മരം ലേലം ചെയ്തിട്ടില്ല	1-16
25	ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച അവലോകനം	1-17
26	മരിച്ചവരുടെ പേരിൽ ക്ഷേമപെൻഷൻ - സർക്കാർ ഖജനാവിന് 480300 രൂപയുടെ നഷ്ടം	1-18
27	സേവന പെൻഷൻ ഡാറ്റാ ബേസിൽ മരണപ്പെട്ടവരും അനർഹരുമായ 40 പേർ	1-19
28	ലൈഫ് : വായ്പത്തുക ഒടുക്കിയിട്ടും റിക്കവറി തുടരുന്നു	1-20
29	ഡെപ്പോസിറ്റ് പ്രവൃത്തികൾ- എഗ്രിമെന്റ് വയ്ക്കാതെ മുൻകൂറായി തുക നൽകുന്നു	1-21
30	ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന വികസന ഫണ്ട് 13.55 ലക്ഷം രൂപ	1-22
31	പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച-സ്മാർട്ട് ക്ലാസ് റൂം കുട്ടികൾക്ക് പ്രയോജനപ്പെടുന്നില്ല	1-23
32	ജനറേറ്റർ സ്ഥാപിക്കൽ- അപാകതകൾ	1-24
33	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല	1-25
34	തുക മുൻകൂറായി നല്കിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല	1-26
35	ഗുണഭോക്താക്കളെ കണ്ടെത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നു	1-27
36	ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി	1-28
37	അങ്കണവാടികളുടെ വെള്ളക്കരം കുടിശ്ശിക പൂർണ്ണമായി ഒടുക്കിയില്ല	1-29

38	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ	1-30
39	ദീർഘകാലമായി പൂർത്തിയാകാതെ കിടക്കുന്ന മരാമത്ത് പ്രവൃത്തികൾ	1-31
40	മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി പൂർത്തിയാക്കിയ ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി വാങ്ങുന്നു	1-32
41	ലക്ഷ്യബോധമില്ലാത്ത പദ്ധതി നിർവ്വഹണം - അങ്കണവാടിയിൽ നിർമ്മിച്ച ബേബി ഫ്രണ്ട് ലി ടോയ്ലെറ്റ് ഉപയോഗ ശൂന്യമായ നിലയിൽ	1-33
42	സാക്ഷരതാ തുല്യതാ പഠനം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാ ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30 06-2023 ലെ 2-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30-06-2023 ൽ പിന്തുണയ്ക്കു ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ച സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്ക ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമാ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കു തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളു ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയു അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവു മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുകോൽ ഗ്രാമപഞ്ചായത്തിന 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ച സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ട

ഡയറക്ടർ

തീയതി: 19/09/2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പ് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1016767 രൂപയാണ്. എന്നാൽ ഇ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)56666 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പി സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

എ)26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കില ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലി എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

ബി)ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറ അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണ ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ഉദാഹരണമായി പ്രയർ പിരീഡ് ഇനങ്ങൾക്ക വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം Prior Period Income And Expenditure എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുത തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്ക അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളേ

സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഉദാ:

ശീർഷകം	ലഡ്ജർ -നീക്കിയിരിപ്പ് തുക
Prior Period Income-Property Tax	-376160
Prior Period Income-Other Income	1095151

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 187 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-1-6 ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

FATEOS ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ തൻവർഷത്തെ ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് കളക്ഷൻ തുകയുടെ വിശദാംശം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-7 സ്ഥിര നിക്ഷേപം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

പത്തനംതിട്ട ഡിസ്ട്രിക് കോപ്പറേറ്റീവ് ബാങ്കിലുണ്ടായിരുന്ന 1562706 രൂപയുടെ ഡെപ്പോസിറ്റ് 06/08/22-ന് പിൻവലിക്കുകയും 500000 രൂപ 04/11/22-ന് ടി ബാങ്കിൽ സ്ഥിര നിക്ഷേപമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ബി 12 ഷെഡ്യൂളിൽ(Investment

ഉൾപ്പെടുത്തുന്നതിന് പകരം ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പായി ബി 17 ഷെഡ്യൂളിലാണ് അക്കൗണ്ട ചെയ്തത്.

1-1-8 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ചെറുകോൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക്, കോഴഞ്ചേര ശാഖയിലുണ്ടായിരുന്ന അക്കൗണ്ട്(നം. 118910802000034) വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. 664 രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.03.2022ലെ 1(1)-ാം നമ്പ തീരുമാന പ്രകാരം അംഗീകരിച്ചു. 22.02.2023-ന് പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻക &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

	ബജറ്റ്	റസീറ്റ് & പേയ്മെന്റ് പത്രിക	ഇൻകം &എക്സ്പെൻഡിച്ചർ പത്രിക
മുന്നിരിപ്പ്	4030666	3979655	
വരവ്	101777692	19232770	72146891
ആകെ	105808358	23212425	
ചെലവ്	103062771	18216003	74556762
നീക്കിയിരിപ്പ്	2745587	4996422	

ബജറ്റ് പ്രകാരം 10.18കോടി രൂപയുടെ പ്രതീക്ഷിത വരവും 10.31 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 7.21കോടി രൂപയും ചെലവ് 7.46കോട രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിത ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായ ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെ പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

1-3 സാമ്പത്തിക വിശകലനം

ഇനം	റസീറ്റ് & പേയ്മെന്റ് പത്രിക	ഇൻകം &എക്സ്പെൻഡിച്ചർ പത്രിക
മുന്നിരിപ്പ്	3979655	
വരവ്	19232770	72146891
ആകെ	23212425	
ചെലവ്	18216003	74556762

നീക്കിയിരിപ്പ്	4996422	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ		**10256000**	**10256000**	9144655	1111345
വികസന ഫണ്ട്-എസ്.സി.പി		2149000	2149000	2140116	8884
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	618142	2237000	2855142	1621619	1233523
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ക്യാരി ഓവർ വിഹിതം	0	260389	260389	197440	62949
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	0	1551475	1551475	1395029	156446
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)ക്യാരി ഓവർ വിഹിതം (2020-21)	0	150	150	150	0
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്		4570000	4570000	4031694	538306
മെയിന്റനൻസ് ഗ്രാന്റ്-റോഡ്		4025000	4025000	2841812	1183188
ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagonostics)	0	239550	239550	136868	102682
ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres	0	111543	111543	79190	32353
ശബരിമല ഗ്രാന്റ്	319151	519000	838151	185418	652733
ബയോഡൈവേഴ്സിറ്റി	4247	423078	427325	205839	221486
ശുചിത്വമിഷൻ ഫണ്ട്	582731	130000	712731	413009	299722
SBM Phase II	0	173505	173505	173505	0
ICDS	425111	758726	1183837	361871	821966
District Ayush Mission	0	500000	500000	0	500000
MGNREGS	1588	13796678	13798286	13796007	2279

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ധനകാര്യ കമ്മീഷൻ (ടൈഡ്), (അൺടൈഡ്) ഗ്രാന്റ് - ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷന കൺട്രോൾ രജിസ്റ്റർ, ഇ-ഗ്രാം സ്വരാജ് പ്രകാരമുള്ള സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ പ്രകാരമുള്ള വരവ്, ചെലവ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) വികസന ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ടുകൾക്കായി സ്രോതസ്സിൽ കുറവ് ചെയ്ത തുകസ്ഥാപന ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല. ജി.ഒ പ്രോജക്ടുകൾ സുലേഖ പ്രകാരമുള്ള ചെലവിൽ ഉൾപ്പെടുന്നതിനാൽ നീക്കിയിരിപ്പ് കണക്കാക്കിയതും കൃത്യമല്ല.

1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	നടപ്പാക്കാത്തത്	ചെലവ് ശതമാനം
192	47329901	159	27118274	33	57.29

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ തുക	ചെലവഴിച്ച തുക
സെക്രട്ടറി	43	35	6722988	5171946
കൃഷി ഓഫീസർ	8	7	2004400	1126100
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി	10	9	2465143	1956952
മെഡിക്കൽ ഓഫീസർ-ആയുർവേദം	7	7	1088000	1057241
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	23	21	17799084	7445209
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	6	6	1974000	1482519
ഹെഡ് മാസ്റ്റർ	5	5	465000	358577
വെറ്ററിനറി സർജ്ജൻ	8	6	2495000	912712
അസിസ്റ്റന്റ് എഞ്ചിനീയർ	73	54	11003006	6675877
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	350000	339377
അസിസ്റ്റന്റ് സെക്രട്ടറി	7	7	963280	591764
ആകെ	**192**	**159**	47329901	**27118274**

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷകത്തൊഴിലാളി പെൻഷൻ	23	27200
വിധവാപെൻഷൻ	403	4440600
വാർദ്ധക്യകാലപെൻഷൻ	1451	15790200
വികലാംഗപെൻഷൻ	107	1646800
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	12	123200

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവ്	1588	758335	759943	757664	2279
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		13038343	13038343	13038343	
ആകെ	**1588**	**13796678**	**13798286**	**13796007**	**2279**

1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.08.2023,3.00 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 13376 (പതിമൂവായിരത്തി മുന്നൂറ്റി എഴുപത്തി ആറ് രൂപ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷ ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് ദിവസത്തിനകം നൽകേണ്ടതാണ്.
- പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.
- ഷോപ്പിംഗ് കോംപ്ലക്സ് വാടക അതാത് മാസംതന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതു കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കുടിശ്ശിക വരുത്തിയ മാസം തന്നെ സ്വീകരിക്കേണ്ടതുമാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circula No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്ത സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.
- ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ല രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമാ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകളുടെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.03.2015-25.03.2015	2009-10 മുതൽ 2013-14 വരെ	17.06.2015
പെർഫോമൻസ് ഓഡിറ്റ്	06.07.2022-07.07.2022	2021-22	റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് മറുപടി നൽകി.

1-11 റവന്യൂ വിഭവ സമാഹരണം : അവലോകനം

തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വസ്തു നികുതി തുടങ്ങിയവയാണ് ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തനത് വരുമാനങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ സ്റ്റാഫ് മീറ്റിംഗുകളിലു മേലുദ്യോഗസ്ഥർ വിളിക്കുന്ന നികുതി പിരിവ് അവലോകന യോഗങ്ങളിലും നികുതി പിരിവ് നികുതിയേതര പിരിവ് അവലോകനം ചെയ്തിട്ടുണ്ട്.

<u>തൊഴിൽനികുതി</u>

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

ഇനം	ഡിമാന്റ് തുക	കളക്ഷൻ	ബാലൻസ്
ജീവനക്കാർ	391820	391820	0
ട്രേഡേഴ്സ്	201380	148580(കറണ്ട്) 52800 (അഡ്വാൻസ്)	0
സ്ഥാപനങ്ങൾ	19950	19950	0

നികുതി പത്രികയിൽ സമർപ്പിച്ചിട്ടുള്ള ജീവനക്കാരുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്.ആയതിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്ക് ഡിമാൻറ് നോട്ടീസ് യഥാസമയം നല്കി തൊഴിൽ നികുതി ച പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. കളക്ഷൻ തുക തന്നെയാണ് ഡിമാന്റായ രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്.

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ളാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ ,വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ആളുകളിൽ നിന്നു പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല. തൊഴിൽനികുതി ഒടുക്കുവാന് ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

ലൈസൻസ് ഫീസ്

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിര ഉൾപ്പെടുന്നില്ല.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 558 വാണിജ സ്ഥാപനങ്ങളാണുള്ളത്. തൻ വർഷം 117 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്തിൽ നിന്നും ലൈസന ലഭ്യമാക്കിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂല ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷ പരിധിയിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല വാർഷിക ധനകാര്യ പത്രിക പ്രകാരം 56,900 രൂപ ലൈസൻസ് ഫീസായി വരവുണ്ട്. ലൈസന രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ (കെട്ടിടത്തിന്റെ പേര്/നം) ഉൾപ്പെടുത്തി രജിസ്റ്റ പൂർണ്ണമാക്കുകയോ ഡി.സി.ബി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിലെ വര പൂർണ്ണമാണോ എന്ന് തിട്ടപ്പെടുത്തുന്നതിനോ, വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്-കളക്ഷൻ ബാലൻസ് തുകകളുടെ കൃത്യത വിലയിരുത്തുന്നതിനോ സാധിക്കുന്നില്ല.

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസന എടുപ്പിക്കുന്നതിലൂടെയും വരുമാന വർദ്ധനവ് നേടാവുന്നതാണ്.

വിനോദ നികുതി

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ലേലം

ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ വസ്തുക്കൾ,ഫർണിച്ചറുകൾ തുടങ്ങിയവ ലേലം ചെയ്യുകയു പഞ്ചായത്തിന്റ പരിധിയിൽ ഉൾപ്പെട്ട അപകടകരമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റി ലേല ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിഭവ സമാഹണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ കൃത്യമായ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിഭവ സമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ സ്റ്റന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. സാധ്യമായ എല്ലാവഴികള സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ സ്വീകരിക്കേണ്ടതാണ്.

1-12 ലൈസൻസ് - അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്ക വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസന നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിര ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല.സഞ്ച സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 558 വാണിജ്യ സ്ഥാപനങ്ങളാണുള്ളത്. ത വർഷം 117 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്.വാർഡ തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്.

1.സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്ന ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ

1	ലോയൽ ഫിനാൻസ്, വാഴക്കുന്നം
2	അക്ഷയ കേന്ദ്രം, വാഴക്കുന്നം
3	പ്ളാന്റ് നേഴ്സറി, വാഴക്കുന്നം
4	ലോയൽ ഓഡിറ്റോറിയം , വാഴക്കുന്നം

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വരുത്തിയ ഭേദഗത പ്രകാരം സംരംഭങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈസൻസ് ഫീന നിശ്ചയിക്കേണ്ടതുമാണ്.

2022-23 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ വിവരങ്ങൾ
1	എസ്.എം.ഹാർഡ് വെയേഴ്സ്, ചെറുകോൽ
2	ടി.എം.എസ്. അലൂമിനിയം ഷോപ്പ്, വാഴക്കുന്നം
3	A To Z എഞ്ചിനീയറിംഗ് വർക്സ് , ചെറുകോൽ
4	ഗൗരി എന്റർപ്രൈസസ്, വാഴക്കുന്നം

സന്ധ്യ ഫ്യൂവൽസ്, കീക്കൊഴൂർ (പെട്രോൾ പമ്പ്) എന്ന സ്ഥാപനത്തിന്റെ ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം, മറ്റു വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. 1000 രൂപ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്.

ലൈസൻസ് രജിസ്റ്ററിൽ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ (കെട്ടിടത്തിന്റെ പേര്/നം) ഉൾപ്പെടുത്ത രജിസ്റ്റർ പൂർണ്ണമാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.തുടർവർഷങ്ങളിൽ ടി അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയു ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ (കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകള് പരിശോധിക്കാവുന്നതാണ്.

1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുത അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിനെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല.ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 117 സ്ഥാപനങ്ങ പ്രവർത്തിക്കുന്നുണ്ട് .അവയിൽചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിര നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിര ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അത്കൊണ്ട് തന്നെ ഈ ഇനത്തിലുള്ള കൃത്യമായ നഷ്ട പറയുവാൻ സാധിക്കുന്നില്ല. ഇത്തരത്തിൽ ഭ്രരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിര നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിര കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ലോയൽ ഫിനാൻസ്, വാഴക്കുന്നം	1 & 11
2	കുരുടാമണ്ണിൽ ബ്രിക്സ് ഇൻഡസ്ട്രീസ്, കീക്കൊഴൂർ	1 & 11
3	അക്ഷയ സെന്റർ, വാഴക്കുന്നം	1 & 11
4	പ്രസാദ് സൗണ്ട്സ്, വയലത്തല	1 & 11
5	സ്റ്റാർ ലൈഫ് ഇൻറ്റീരിയേഴ്സ് , വാഴക്കുന്നം	1 & 11
6	റോയൽ ഇൻഡസ്ട്രീസ് , ചെറുകോൽ	1 & 11
7	ടേസ്റ്റി ഫാമിലി റസ്റ്റോറന്റ്,	1 & 11
8	എം.എം.ബേക്കറി, കീക്കൊഴൂർ	1 & 11
9	വയലത്തല ക്ഷീരോല്പാദക സഹകരണ സംഘം	1 & 11
10	കീക്കൊഴൂർ ക്ഷീരോല്പാദക സഹകരണ സംഘം	1 & 11

2.താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷം
1	ലോയൽ ഫിനാൻസ്, വാഴക്കുന്നം	1 & 11
2	കാരുണ്യ മെഡിക്കൽസ്, കീക്കൊഴൂർ	1 & 11
3	മാവേലി സ്റ്റോർ,കീക്കൊഴൂർ	1 & 11
4	ലോയൽ ഓഡിറ്റോറിയം,വാഴക്കുന്നം	1 & 11
5	മെഡിക്കൽ സ്റ്റോർ, കീക്കൊഴൂർ	1 & 11
6	വയലത്തല ക്ഷീരോല്പാദക സഹകരണ സംഘം	1 & 11
7	കീക്കൊഴൂർ ക്ഷീരോല്പാദക സഹകരണ സംഘം	1 & 11
8	റേഷൻ കടകൾ	1 & 11
9	എം.എ .ഫാം, കാട്ടൂർ	1 & 11
10	ഔഷധി , കാട്ടൂർ	1 & 11
11	അക്ഷയ കേന്ദ്രം, വാഴക്കുന്നം	1 & 11

3.മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് , കീക്കൊഴൂർ, മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് വാഴക്കുന്നം എന്ന സ്ഥാപനങ്ങളിൽ നിന്നും 300/- രൂപ വീതമാണ് സ്ഥാപന തൊഴിൽ നികുതിയായി ഒടുക്കിയിട്ടുള്ളത് 1250/-രൂപയാണ് ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയായ ഈടാക്കേണ്ടിയിരുന്നത്.

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുക നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗ വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയു തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കരാറുകാരന്റെ പേര്
1	ശ്രീ രവീന്ദ്രൻ നായർ
2	ശ്രീ സതീഷ് കുമാർ വി
3	ശ്രീ വിജയകുമാർ
4	ശ്രീ സി.എസ്.പ്രസാദ്
5	ശ്രീ എബ്രഹാം തോമസ്
6	ശ്രീ വിജീഷ് ആർ നായർ
7	ശ്രീ ഈശോ കെ.ജി
8	ശ്രീ മോഹനചന്ദ്രൻ
9	ശ്രീ ശ്രീകുമാരൻ നായർ
10	ശ്രീ അനൂപ് ജെ ഗീവർഗ്ഗീസ്
11	ശ്രീ സുരേഷ് കുമാർ
12	ശ്രീ ടി.ഇ.യോഹന്നാൻ
13	ശ്രീ ജോസി ജോൺ

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുത അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

5.സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപട സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗ ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കുന്നില്ല. പഞ്ചായത്ത് നികുതി ഡിമാൻഡ ചെയ്യാത്തതിനാലാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204,205(എ.കെ), തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനു

അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികശ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന (നം.24/10.11.2023) മറുപടി ലഭ്യമാക്കിയില്ല.മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിര നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിര ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റ എഴുതി സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം 65833 രൂപ ടെണ്ടർ ഫോമുകളുടെ വിൽപന ഇനത്തിൽ വരവുണ്ട്. ടെണ്ടർ ഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കരാറുകാർക്ക വിതരണം ചെയ്തിട്ടുള്ളത്.മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെൻഡർ ഫോറത്തിന വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവു കൃത്യമല്ലെങ്കിൽ ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് അത് അവസരമുണ്ടാക്കു ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ടെണ്ടർ ഫോമുകൾ വാങ്ങുന്ന മുറയ്ക്ക് അവയെ സ്റ്റോക്കിലെടുക്കുന്നതിനു അവയുടെ വിതരണം ഇതിൽ രേഖപ്പെടുത്തി നീക്കി ബാക്കി വിവരങ്ങൾ കൃത്യമാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. അപാകം പരിഹരിക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങശ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുത വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെട്ട വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുത വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമാര ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	1/40 B	ശാന്തമ്മ ടി ഡി /നിഘോഷ് ടി തങ്കച്ചൻ	പാലനിൽക്കുന്നതിൽ പടി നാരങ്ങാനം റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	I/40 C	അരുൺകുമാർ കെ /അഞ്ചു ആർ		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്

3	II/241	സുരേന്ദ്രൻ നായർ	കോഴഞ്ചേരി റാന്നി റോഡ്	1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
4	II/241 A	സുരേന്ദ്രൻ നായർ		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
5	II/247	പൊന്നമ്മ	മേലുകര റാന്നി റോഡ്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
6	II/247 A	പൊന്നമ്മ		1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
7	10/15	ഫ്രാൻസിസ് സക്കറിയ	പുതമൺ അന്ത്യാളൻകാവ് കടമ്മനിട്ട റോഡ്	1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
8	10/16	തോമസ് ഫ്രാൻസിസ്		5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറ നം.17/09.08.2023) മറുപടിയായി റോഡിന്റെ തരം സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നതിലെ അപാകത ബന്ധപ്പെട്ട ഫയലുകളും സ്ഥലപരിശോധനയും നടത്തി സഞ്ചയയിൽ ആവശ്യമായ ഭേദഗത വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ വസ്തുനികുതി പരിഷ്കരണം നടക്കുന്നതിനാൽ സഞ്ചയയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി റോഡിന്റെ തരം അനുസരിച്ച് വസ്തു നികുത നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കേണ്ടതും എല്ലാ തരം റോഡുകൾക്കും പേരുകൾ നൽകി വസ്തു നികുതി നിർണ്ണയിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 മരം ലേലം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിൽക്കുന്ന ആഞ്ഞിലി മരത്തിന അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും 26.11.2021 ൽ ന എസ്.എഫ്.പി.എ. 2-2724/2021 കത്ത് പ്രകാരം 47961/-രൂപ വാല്യുവേഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ടി മരത്തിന്റെ ലേല വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന (നം.11 /09.08.2023) ലേലം, പുനർ ലേലം നടപടികൾ സ്വീകരിച്ചിട്ടും ആരും പങ്കെടുത്തിരുന്നില്ലെന്ന ക്വട്ടേഷൻ നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം നടത്തി ട തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന അറിയിക്കേണ്ടതാണ്.ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-17 ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച അവലോകനം

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരുമാനം ₹ 30,00,000/- രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നികുതി പിരിവ് ₹2535477/- ലക്ഷം രൂപയുമാണ്. വസ്തുനികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

വസ്തു നികുതി തരം	ഡിമാന്റ്	കളക്ഷന്	ബാലൻസ്	റിമാർക്സ്

പാർപ്പിടം (തൻ വർഷം)	1623034	1616778	735	അഡ്വാൻസായി 5521/- കളക്ട് ചെയ്തിട്ടുണ്ട്.
പാർപ്പിടം(കുടിശ്ശിക)	116784	112375	4409	-
പാർപ്പിടേതരം(തൻവർഷം)	677311	677311	0	-
പാർപ്പിടേതരം(കുടിശ്ശിക)	123492	123492	0	-

വസ്തു നികുതിയുടെ തൻവർഷത്തെ പിരിവ് 99.7% ആണ്. ഇത് 2021-22 വർഷം 90.51% ആയിരുന്ന ആകെ ഡിമാന്റ് തുകയായ 25.41 ലക്ഷം രൂപയിൽ 25.35 ലക്ഷം രൂപയും പിരിച്ചെടുക്കാ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വസ്തു നികു പിരിവു സംബന്ധിച്ച് കാര്യമായ അവലോകനങ്ങൾ നടത്തുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലൂ വസ്തു നികുതി അടവാക്കുന്നത് ലഭ്യമാകുന്നത് IKM പോർട്ടൽ വഴിയായതിനാൽ ഗ്രാമപഞ്ചായത്തിന് തു ലഭ്യമാകുവാൻ 7മുതൽ 15ദിവസത്തിന്റെ കാലതാമസം ഉണ്ടാകുന്നുണ്ട്.

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇന കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതു കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികു നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയി നിന്ന് ചെറുകോൽ ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റ തീരുമാനിച്ച് (02.05.2023 ലെ (1)-ാം തീരുമാനം) കരട് വിജ്ഞാപനം 01.06.2023 പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 26.07.2023ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാര അന്തിമവിജ്ഞാപനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയത് പ്രസിദ്ധീകരിച്ചിട്ടില്ല വസ്തുനികുതിയുടെ 10% എന്ന നിരക്കിൽ സേവന ഉപനികുതി പിരിക്കാനും തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അതിവേഗം പൂർത്തീകരിക്കുവാ പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21 പ്രകാരം രണ്ട് നിലവരെയുള്ള താമസകെട്ടിടങ്ങളും 50ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1 G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് പഞ്ചായത്തിൽ നടത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വസ്തുനികു നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടിക പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികു നിർണ്ണയിക്കേണ്ടതാണ്.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളി ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്ക വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണ രജിസ്റ്റ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സഞ്ചയയിൽ ഒരു കെട്ടിടമാണ് അനധികൃത നിർമ്മാണത്തി ഉൾപ്പെട്ടിട്ടുള്ളത്. അനധികൃത നിർമ്മാണ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതു നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതു ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തു വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്.

1-18 മരിച്ചവരുടെ പേരിൽ ക്ഷേമപെൻഷൻ - സർക്കാർ ഖജനാവിന് 480300 രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരു പെൻഷൻ നിർത്തൽ ചെയ്യുന്നതിന് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇത് സംബന്ധിച്ച കാലകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കുന്നതിൽ വലിയ വീഴ്ചയാണ ഉണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളു അക്കൗണ്ടുകളിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യാൻ ഇടയായിട്ടുണ്ട്. ഇ ഇനത്തിൽ 480300 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായാണ് പ്രാഥമീക പരിശോധനയിൽ കണ്ടത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, വിലാസം	പെൻഷൻ ID	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ, തീ.	മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക
1	എ. ചന്ദ്രൻ പതാലിൽ തടത്തിൽ, വയലത്തല	103930201384	വാർദ്ധക്യ കാല പെൻഷൻ	04/03/2020	23/2020 30/03/2020	67200
2	അച്ചാമ്മ സ്കറിയ കുന്നിലേത്ത്, കാട്ടൂർ	103930600360	വിധവാ പെൻഷൻ	13/07/2020	46/2020 23/07/2020	55900
3	അന്നമ്മ കോശി തടത്തേൽ വീട്, വയലത്തല	103930200605	വാർദ്ധക്യ കാല പെൻഷൻ	21/06/2020	44/2020 16/07/2020	59700
4	ഭാസ്കരൻ നായർ കൊച്ചുപറമ്പിൽ വീട്, കാട്ടൂർ	103930201172	വാർദ്ധക്യ കാല പെൻഷൻ	18/06/2020	40/2020 06/07/2020	59700
5	ഭവാനി മണ്ണിൽ മേമുറിയിൽ, വയലത്തല	103930200181	വാർദ്ധക്യ കാല പെൻഷൻ	20/10/2022	113/2022 08/11/2022	14400
6	കാർത്ത്യായനി കൊല്ലപറമ്പിൽ വയലത്തല	103930200581	വാർദ്ധക്യ കാല പെൻഷൻ	08/08/2021	64/2021 03/09/2021	36800
7	കുട്ടപ്പൻ ആചാരി	103930200518	വാർദ്ധക്യ കാല പെൻഷൻ	15/03/2020	26/2020 04/05/2020	67200

	ഓലിപ്പുറത്ത് വീട് ചെറുകോൽ					
8	മറിയാമ്മ തോമസ് ഇലവക്കാട്ട് വീട് കീക്കോഴൂർ	103930201262	വാർദ്ധക്യ കാല പെൻഷൻ	31/10/2020	66/2020 18/11/2020	52200
9	മത്തായി റ്റി.എം. തെക്കേടത്ത് വീട്, ചെറുകോൽ	103930200950	വാർദ്ധക്യ കാല പെൻഷൻ	02/09/2022	94/2022 29/09/2022	16000
10	എൻ. ആർ. ജോണിക്കുട്ടി നിരന്നനിലത്ത് നാരങ്ങാനം	103930201638	വാർദ്ധക്യ കാല പെൻഷൻ	30/09/2022	107/2022 14/10/2022	16000
11	കുട്ടപ്പൻ വി.പി. വട്ടംകല്ലുപുരയിൽ ചെറുകോൽ	103930201339	വാർദ്ധക്യ കാല പെൻഷൻ	03/07/2022	72/2022 16/07/2022	19200
12	മീരാസാഹിബ് മുത്തുപറമ്പിൽ നാരങ്ങാനം നോർത്ത് പി.ഒ.	103930200057	വാർദ്ധക്യ കാല പെൻഷൻ	19/09/2022	100/2022 01/10/2022	16000
	ആകെ					480300

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്. മരണം പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ടിയാളുടെ മരണം പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പെൻഷൻ നിർത്തപ്പെടേണ്ടതാണ് (22/09/2017-ലെ എസ്.എഫ്.സി.ബി1/71/2017/ധന നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെപോലും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

